# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 76    11.06.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ സൗകര്യ വികസനവും പാരിസ്ഥിതിക പഠനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരമേറ്റശേഷം ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ഒരു വർഷം നീണ്ടു നിൽക്കുന്ന പാരിസ്ഥിതിക പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ജൂലൈ 2011-ൽ നേടി. ജൂൺ 2012-ൽ പഠനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.<br><br>2. പാരിസ്ഥിതിക പഠനത്തിനു സമാന്തരമായി പദ്ധതി ചെലവ് 4010 കോടി രൂപയാക്കി പുതുക്കി നിശ്ചയിച്ചു. ബാങ്ക് കൺസോർഷ്യം, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, ബോണ്ട് വിതരണം എന്നിവയിലൂടെ ധനസമാഹരണത്തിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി. |

3. തുറമുഖ നിർമ്മാണത്തിനു ഏറ്റവും അത്യാവശ്യമായ ബാക്ക് അപ് ഏരിയ, റോഡ് കണക്ടിവിറ്റി, ട്രക്ക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമായ 110.47 ഏക്കർ ഭൂമിയിൽ 85.30 ഏക്കർ ഭൂമി ഏറ്റെടുത്തു.

4. തുറമുഖ നിർമ്മാണത്തിനാവശ്യമായ മാസ്റ്റർപ്ലാനും ഇ.പി.സി.ടെൻഡർ ഡോക്യുമെന്റും ഉണ്ടാക്കുന്നതിനായി VISL കൺസൾട്ടന്റിനെ നിയമിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.

5. പോർട്ട് നടത്തിപ്പുകാരനാകുന്നതിന്വേണ്ടി ബിഡ്സ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക്ക് ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ടെൻഡർ തുറക്കുകയും പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് വേണ്ടി രൂപീകരിച്ച ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത തുറമുഖത്തിന് ആവശ്യമായ അനുബന്ധ സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തിക്ക് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി വഴി നടത്തി വരുന്നു.

പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി വഴി പൂർത്തിയാക്കി.

600 മീറ്റർ നീളമുള്ള താൽക്കാലിക റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായിട്ടുണ്ട്.

പദ്ധതിയ്ക്കാവശ്യമായ റെയിൽപാതയുടെ സർവ്വേ തുറമുഖ കമ്പനി പൂർത്തിയാക്കിയെങ്കിലും കേന്ദ്ര സർക്കാർ ഈ വർഷത്തെ റെയിൽ ബഡ്ജറ്റിൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റിയിൽ ഇത് ഉൾപ്പെടുത്തി ചെയ്യുന്നതിനു പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) വിഴിഞ്ഞം പദ്ധതി സംബന്ധിച്ച പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ; | (സി) ഇല്ല. 2012 ജൂൺ 30 നു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |
| (ഡി) ഈ പദ്ധതി എന്ന് പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) അടിസ്ഥാന സൗകര്യ വികസനം 2015-ൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ